(എ) 1996 മുതൽ 2001 വരെ ഭരിച്ചിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് പുതിയ സഹകരണ സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളെ ഗവൺമെന്റ് പിരിച്ചുവിട്ടു;

(ബി) അതിൽ എത്രയെണ്ണത്തിന്റെ പിരിച്ചുവിടൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 1996 മുതൽ 2001 വരെ ഭരിച്ചിരുന്ന എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് 105 സഹകരണ സംഘങ്ങളുടെ ഡയറക്ടർ ബോർഡുകളെ പിരിച്ചുവിടപ്പെട്ടു.

(ബി) 32 എണ്ണത്തിന്റെ പിരിച്ചുവിടൽ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്.

നെല്ല് സംഭരണം

123 [2262] ശ്രീ. എം. എം. ഹസ്സൻ:
,, ടി. എൻ. പ്രതാപൻ:
,, കെ. മുഹമ്മദാലി:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച തറവില പ്രകാരം സഹകരണ സംഘങ്ങൾ എത്ര കപ്പിൻറൽ നെല്ല് സംഭരിച്ചു. സംഭരിച്ച നെല്ല് സൂക്ഷിക്കുന്നതിന് ഗോഡൗൺ വാടകയ്ക്ക് എടുത്തതിന് എന്തു തുക ചെലവായി;

(ബി) സഹകരണ സംഘങ്ങൾ സംഭരിച്ച നെല്ല് മില്ലിൽ എത്തിക്കുന്നതിന് വന്ന ചെലവെത്ര;

(സി) സംഘങ്ങൾ നെല്ല് സംഭരണത്തിന് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത തുകയ്ക്കുള്ള പലിശ, ഗോഡൗൺ വാടക കൈകാര്യച്ചെലവ്, നെല്ല് മില്ലിൽ എത്തിച്ചതിന്റെ ചെലവ് എന്നീ വിവിധയിനങ്ങളിൽ സഹകരണ സംഘങ്ങൾക്ക് ഉണ്ടായിട്ടുള്ള മൊത്തം നഷ്ടം എത്രയാണ്;

(ഡി) സംഘങ്ങൾ സംഭരിച്ചതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് നെല്ല് വിൽക്കേണ്ടതായി വന്നിട്ടുള്ളപക്ഷം ആയിനത്തിൽ സംഘങ്ങൾക്ക് ഉണ്ടായിട്ടുള്ള നഷ്ടം എത്രയെന്ന് പറയുമോ?

ഉത്തരം

(എ) 11,69,716 കപ്പിൻറൽ നെല്ല് സംഭരിച്ചിട്ടുണ്ട്. സംഭരിച്ച നെല്ല് സൂക്ഷിക്കുന്നതിന് ഗോഡൗൺ വാടകയിനത്തിൽ 74,90,287 രൂപ ചെലവായി.

(ബി) 2,39,10,492 രൂപ ചെലവായിട്ടുണ്ട്.

(സി) ആകെ നഷ്ടം 9,83,71,316 രൂപയാണ്.

(ഡി) സംഭരിച്ചതിനേക്കാൾ കുറഞ്ഞ വിലക്ക് നെല്ല് വിൽക്കേണ്ടതായി വന്നയിനത്തിൽ സംഘങ്ങൾക്ക് 7,58,22,602 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ നെല്ല് മുഴുവനും വിറ്റുതീർന്നിട്ടില്ലാത്തതിനാൽ ബാക്കി ജില്ലകളുടെ കണക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly